# റിപ്പോർട്ട്

ശ്രീ. രാജു സാമുവൽ സിറിൽ നൽകിയ പരാതിയിൽ സ്ഥിര അദാലത്ത് ഉപസമിതി 30.5.2025 ൽ സ്ഥല പരിശോധന നടത്തി ബോധ്യപ്പെട്ട വസ്തുതകൾ ചുവടെ ചേർക്കുന്നു.

ശ്രീ. രാജു സാമുവലിന്റെ കുടിവെള്ളം മലിനമാകുന്നത് സംബന്ധിച്ച് ടിയാൻ നൽകിയ പരാതിയിൽ അയൽവാസിയായ ശ്രീ.കൃഷ്ണൻകുട്ടി അനധികൃത ഫാം നടത്തുന്നുവെന്നും ചാണകവും ഗോമൂത്രവും പശുക്കളെ കുളിപ്പിക്കുന്ന വെള്ളവും മറ്റും അശാസ്ത്രീയമായി ഫാം പരിസരത്ത് ഒഴുക്കി വിടുന്നതായും ആയത് മൂലം കുടിവെള്ളം മലിനമാകുകയും പകർച്ച വ്യാധികളുടെ സാധ്യതയുണ്ടെന്നും, ചെന്നിത്തല ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നു നൽകിയ നിർദേശങ്ങൾ എതിർകക്ഷി പാലിക്കുന്നില്ലെന്നും പ്രശ്നത്തിന് പരിഹാരം ആയില്ല എന്നുമാണ് പരാതിയിൽ പരാമർശിച്ചിട്ടുള്ളത്.

സ്ഥല പരിശോധന നടത്തിയതിൽ 5 പശുക്കളും 3 കിടാരികളും തൊഴുത്തിൽ കാണപെട്ടു. അശാസ്ത്രീയമായാണ് മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതെന്ന് ഉപസമിതിക്ക്ബോധ്യപെട്ടു. പൊല്യൂഷൻ കണ്ട്രോൾ ബോർഡിൻറെ പരിശോധനയിലും മലിനീകരണം സ്ഥിരീകരിക്കുകയും 12.9.2024 തീയതിയിലെ പിസിബി/എഎൽപി/റ്റിജി-404/19 നമ്പർ നോട്ടീസിൽ മലിനീകരണം ഒഴിവാക്കുന്നതിനുള്ള നിർദേശങ്ങൾ എതിർകക്ഷിക്ക് നൽകുകയും ചെയ്തിരുന്നു. ആയതിനാൽ പൊല്യൂഷൻ കണ്ട്രോൾ ബോർഡിൻറെ 12.9.2024 തീയതിയിലെ പിസിബി/എഎൽപി/റ്റിജി-404/19 ലെ നിർദേശങ്ങൾ ഒരു മാസത്തിനകം നടപ്പിലാക്കുന്നതിനുള്ള നിർദേശം ശ്രീ.കൃഷ്ണൻകുട്ടിക്ക് ചെന്നിത്തല തൃപെരുംതുറ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകേണ്ടതാണ്.

ശ്രീലക്ഷ്മി.ജി, ഇന്റേണൽ വിജിലൻസ് ഓഫീസർ,ആലപ്പുഴ

അമൃത.എൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ,
മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്

രമ്യ.വി, അസിസ്റ്റന്റ് ടൌൺപ്ലാനർ, ആലപ്പുഴ